**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5517**
**02.11.2016 ലെ മറുപടിയ്ക്ക്**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മോൻസ് ജോസഫ് | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>**ഡോ: ടി. എം. തോമസ് ഐസക്** |
| എ | സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നതിലേക്കായി ജി.ഓ.നമ്പർ 3750/2016 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് ഇറക്കിയതിനുശേഷം ഇതിന്റെ തുടർ നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ; | സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് നടപടികൾ ആരംഭിക്കുന്നതിലേക്കായി 23.04.2016 ലെ സ.ഉ.(സാധാ) നം. 3780/2016/ധന പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും തുടർന്ന് സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് കേരള സർവ്വകലാശാല ഓഡിറ്റ് വിഭാഗത്തെകൊണ്ട് നടത്തേണ്ടതാണെന്ന് സർക്കാർ ഓഡിറ്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ 17.08.2016 ലെ കെ.എസ്.എ./4261/യു/2015 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് നടത്തുന്നതിലേക്കായി സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ ഹാജരാക്കുവാൻ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല രജിസ്ട്രാറോട് ആവശ്യപ്പെട്ടെങ്കിലും വാർഷിക കണക്കുകൾ നാളിതുവരെ ഹാജരാക്കിയിട്ടില്ല. |
| ബി | പ്രസ്തുത ഉത്തരവു പ്രകാരം എത്ര തസ്തികകൾ അനുവദിക്കാൻ സർക്കാർ ആലോചിക്കുന്നു; ഇവ ഏതെല്ലാം; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | 23.04.2016 ലെ സ.ഉ.(സാധാ) നം. 3780/ 2016/ധന പ്രകാരം അധിക തസ്തികകൾ സൃഷ്ടിക്കാൻ പാടില്ല എന്ന വ്യവസ്ഥയിലാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ഏൽപ്പിച്ചത്. |

സെക്ഷൻ ഓഫീസർ